**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 58** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. വിഷ്ണു മോഹൻ

ശ്രീ. വി. കുഞ്ഞികൃഷ്ണൻ

ശ്രീ. ഉല്ലാസ് കോവൂർ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. ഡി. സതീശൻ

(മുഖ്യമന്ത്രി)

**(എ)** സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച് അവലോകനം നടത്തിയിരുന്നോയെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനം നിലവിൽ കടുത്ത പണഞെരുക്കം നേരിടുന്നു എന്നത് ഒരു വസ്തുതയാണ്. ആയത് കേരള നിയമസഭയ്ക്ക് മുമ്പാകെ സമർപ്പിച്ചിട്ടുള്ള സംസ്ഥാനത്തിന്റെ സാമ്പത്തിക ആരോഗ്യ തൽസ്ഥിതി റിപ്പോർട്ടിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ രൂപീകരിച്ച പ്രത്യേക ഉദ്ദേശ്യ സ്ഥാപനങ്ങളായ കിഫ്ബിയും പെൻഷൻ കമ്പനിയും എടുത്ത വായ്പകളുടെ തിരിച്ചടവ് സർക്കാരിന്റെ ചുമലിലാണ്. സർക്കാർ എടുത്ത വായ്പകളുടെ പലിശ നിരക്കിനേക്കാൾ കൂടിയ നിരക്കിലാണ് മേൽ സ്ഥാപനങ്ങൾ വായ്പകൾ സമാഹരിച്ചിട്ടുള്ളത്. തത്ഫലമായി സംസ്ഥാനത്തന്റെ വായ്പയും കടബാധ്യതയും അനുവദനീയമായ പരിധിക്കപ്പുറത്തേക്ക് വർദ്ധിക്കുന്ന അനഭിലഷണീയമായ സാഹചര്യമാണ് സംജാതമായിട്ടുള്ളത്. ഇത് സാമ്പത്തിക അസന്തുലിതാവസ്ഥയ്ക്ക് കാരണമായിട്ടുണ്ട്.

മേൽ പ്രതിസന്ധികൾ കാരണം സംസ്ഥാനത്തിന് ചെലവിന് ആനുപാതികമായി വരുമാനത്തിൽ വളർച്ച ഉണ്ടാക്കാൻ സാധിച്ചിട്ടില്ല. ഇക്കാരണത്താൽ ശമ്പളം, പെൻഷൻ, പലിശ തുടങ്ങിയ പ്രതിബദ്ധ ചെലവുകൾ നേരിടുന്നതിനായി റവന്യൂ വരുമാനത്തിന്റെ സിംഹഭാഗവും മാറ്റി വയ്ക്കേണ്ടി വന്നിട്ടുണ്ട്. ഇതുമൂലം മറ്റ് ചെലവുകൾക്കും ദൈനംദിന ട്രഷറി മാനേജ്മെന്റിനുമായി വായ്പകളെ അമിതമായി ആശ്രയിക്കേണ്ടി വന്നതാണ് പൊതുകടം വർദ്ധിക്കാനുള്ള കാരണം.

**(ബി)** സാമ്പത്തിക സ്ഥിതി പ്രതിസന്ധിയിലാണെങ്കിൽ ആയതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** കഴിഞ്ഞ പത്തുവർഷ കാലയളവിനുള്ളിൽ സംസ്ഥാനത്തിന്റെ പൊതുകടം ക്രമാതീതമായി വർധിച്ചതിനുള്ള കാരണങ്ങൾ പരിശോധിക്കുമോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(ഡി)** സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന മാർഗ്ഗങ്ങളെന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** നിലവിലെ പ്രതികൂല സാഹചര്യം ഹ്രസ്വകാല, ദീർഘകാല നടപടികളിലൂടെ തരണം ചെയ്യുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. നികുതി, നികുതിയേതര വരുമാനങ്ങളിൽ ബജറ്റ് ലക്ഷ്യങ്ങൾ പൂർണ്ണമായും കൈവരിക്കുന്നതിനൊപ്പം തന്നെ, നികുതി ചോർച്ചയും വരുമാന ചോർച്ചയും തടയുന്നതിനുള്ള കർശന നടപടികൾ സർക്കാർ സ്വീകരിക്കും. സർക്കാരിന്റെ ചെലവുകൾക്ക് കൃത്യമായ മുൻഗണന നിശ്ചയിച്ച് അവ വരവുമായി പൊരുത്തപ്പെടുത്തുകയും, എല്ലാ മേഖലകളിലും കർശനമായ സാമ്പത്തിക അച്ചടക്കം പുലർത്തുകയും ചെയ്യും. എന്നാൽ, സംസ്ഥാനത്തിന്റെ സാമ്പത്തിക പരാധീനതകളും ഘടനാപരമായ മാറ്റങ്ങളും പരമ്പരാഗത മാർഗ്ഗങ്ങളിലൂടെ മാത്രം പരിഹരിക്കാൻ സാധിക്കില്ലെന്ന തിരിച്ചറിവോടെ, ദീർഘകാലാടിസ്ഥാനത്തിൽ സമ്പദ്ഘടനയുടെ സമഗ്രമായ പുനരുജ്ജീവനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിനായി ആധുനികവും നൂതനവുമായ മാർഗ്ഗങ്ങളിലൂടെ സമ്പദ്‌വ്യവസ്ഥയെ ഉത്തേജിപ്പിച്ച് വിവിധ മേഖലകളിൽ വൻകിട നിക്ഷേപങ്ങൾ ആകർഷിക്കാനും, അതുവഴി ഖജനാവിൽ ധനസമാഹരണം നടത്തി ആ സമ്പത്തിന്റെ നീതിപൂർവ്വമായ വിതരണം ഉറപ്പാക്കാനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഈ കാഴ്ചപ്പാട് മുൻനിർത്തി അടിസ്ഥാന സൗകര്യ വികസനത്തിന് പ്രഥമ പരിഗണന നൽകുന്നതോടൊപ്പം, ജനക്ഷേമ പദ്ധതികൾ മുടങ്ങാതെ മുന്നോട്ടുകൊണ്ടുപോകാനും തൊഴിൽ, നിക്ഷേപം, വികസനം എന്നിവ കേന്ദ്രീകരിച്ചുള്ള സുസ്ഥിര സാമ്പത്തിക വളർച്ച കൈവരിക്കാനുമാണ് സർക്കാർ വിഭാവനം ചെയ്യുന്നത്.

**സെക്ഷൻ ഓഫീസർ**